LIBRARY ARCHIVES Kerala Legislative Assembly

പാസഞ്ചർ ട്രെയിനുകളുടെ സ്റ്റോപ്പുകൾ

324(1309) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് - കണ്ണൂർ, കോയമ്പത്തൂർ - മംഗലാപുരം തുടങ്ങിയ റൂട്ടുകളിലെ പാസഞ്ചർ ട്രെയിനുകളുടെ നിലവിലുള്ള സ്റ്റോപ്പുകൾ എടുത്തു കളയുന്നതിനെതിരെ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുമോ;

&

(ബി) പ്രസ്തുത സ്റ്റോപ്പുകൾ ഒഴിവാക്കുന്നതിലൂടെ വർഷങ്ങൾ പഴക്കമുള്ള ഈ റൂട്ടിലെ പല ചെറു സ്റ്റേഷനുകളും നാമാവശേഷമാകുന്ന സാഹചര്യം ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

കോവിഡ് നിയന്ത്രണങ്ങളുമായി ബന്ധപ്പെട്ട് പാസഞ്ചർ ട്രെയിനുകൾ നിലവിൽ സർവ്വീസ് നടത്തുന്നില്ല. ട്രെയിൻ ഗതാഗതം സാധാരണ നിലയിലാവുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

രാജ്യറാണി എക്സ്പ്രസ്സ്

325(1310) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂരിൽനിന്ന് ആരംഭിക്കുന്ന രാജ്യറാണി എക്സ്പ്രസ്സ് കൊച്ചുവേളിയിൽനിന്നും നീട്ടുന്നത് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

&

(ബി) ഇല്ലെങ്കിൽ ശ്രദ്ധയിൽപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

നിലമ്പൂർ - തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് കൊച്ചുവേളിയിൽ യാത്ര അവസാനിപ്പിക്കുന്നതുമൂലം യാത്രക്കാർക്ക് തിരുവനന്തപുരം നഗരത്തിൽ എത്തിച്ചേരാൻ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി ട്രെയിൻ തിരുവനന്തപുരം വരെ നീട്ടണമെന്ന് റെയിൽവേയോട്

അഭ്യർത്ഥിക്കുകയുണ്ടായി. ടെർമിനലുകളുടെ അപര്യാപ്തത കാരണം ഈ നിർദ്ദേശം പ്രായോഗികമല്ല എന്ന നിലപാടാണ് റെയിൽവേ കൈക്കൊണ്ടിട്ടുള്ളത്. എന്നിരുന്നാലും രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരം സെൻട്രലിലേയ്ക്ക് തന്നെ നീട്ടണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ അഭ്യർത്ഥന മാനിച്ച് രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ വരെ നീട്ടുന്ന കാര്യത്തിൽ റെയിൽവേയുടെ ഭാഗത്തുനിന്ന് അനുഭാവപൂർണ്ണമായ സമീപനം കൈക്കൊള്ളുമെന്ന് കരുതുന്നു.

രാജ്യറാണി എക്സ്പ്രസ്സ്

326(1311) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ റീജണൽ കാൻസർ സെന്ററിലേയ്ക്കുള്ള രോഗികൾ ഉൾപ്പെടയുള്ള യാത്രക്കാർ സ്ഥിരമായി ആശ്രയിക്കുന്ന നിലമ്പൂർ - കൊച്ചുവേളി രാജ്യറാണി എക്സ്പ്രസ്സ് തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിലേയ്ക്ക് നീട്ടണമെന്ന ആവശ്യം പരിഗണിക്കുമോ;

&

(ബി) യാത്രക്കാരുടെ പ്രയാസങ്ങൾ കണക്കിലെടുത്ത് ഇക്കാര്യത്തിൽ അനുകൂല നടപടികൾ സ്വീകരിക്കുമോ; പ്രസ്തുത ട്രെയിനിൽ കൂടുതൽ എ.സി., നോൺ എ. സി. കോച്ചുകൾ അനുവദിക്കുന്ന വിഷയം റെയിൽവേ അധികൃതരുടെ ശ്രദ്ധയിൽപെടുത്തുമോയെന്ന് വ്യക്തമാക്കാമോ?

നിലമ്പൂർ - തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് കൊച്ചുവേളിയിൽ യാത്ര അവസാനിപ്പിക്കുന്നതുമൂലം യാത്രക്കാർക്ക് തിരുവനന്തപുരം നഗരത്തിൽ എത്തിച്ചേരാൻ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ട്രെയിൻ തിരുവനന്തപുരം വരെ നീട്ടണമെന്ന് റെയിൽവേയോട് അഭ്യർത്ഥിക്കുകയുണ്ടായി. ടെർമിനലുകളുടെ അപര്യാപ്തത കാരണം ഈ നിർദ്ദേശം പ്രായോഗികമല്ല എന്ന നിലപാടാണ് റെയിൽവേ കൈക്കൊണ്ടിട്ടുള്ളത്. എന്നിരുന്നാലും രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരം സെൻട്രലിലേയ്ക്ക് തന്നെ നീട്ടണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ അഭ്യർത്ഥന മാനിച്ച് രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ വരെ നീട്ടുന്ന കാര്യത്തിൽ റെയിൽവേയുടെ ഭാഗത്തുനിന്ന് അനുഭാവപൂർണ്ണമായ സമീപനം കൈക്കൊള്ളുമെന്ന് കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly